Maintenance of Cheranellur Panchayat road.

350. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ പറയുന്ന ചോദ്യത്തിനു ഗവമ്മെണ്ടു മറുപടി പറയാമൊ.—(a) ചേരാനെല്ലൂർ പഞ്ചായത്തിൽ റോഡുകൾ മെയിൻറനൻസിനു ഫണ്ടിൽ അനുവദിക്കപ്പെട്ട രൂപ എന്തു ചെയ്തു; പഞ്ചായത്തിൽനിന്നും ആദ്യമായി പ്രൊപ്പോസൽ അയച്ചതു എന്നാണു; അതിനു മറുപടി അയക്കയുണ്ടായൊ;

(b) ടി റോഡുകൾ ഫണ്ടിൽ മെയിൻറെയിൻ ചെയ്യുയുണ്ടായൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) ഒന്നും ചെയ്തിട്ടില്ല. പഞ്ചായത്തിൽ നിന്നും ആദ്യമായി പ്രൊപ്പോസൽ അയച്ചതു ഫണ്ടിൽ മകരം രൂപാനു-യാണു. അതിനു പണിക്കു ടക്കാസുകൾ വിളിച്ചു കരാറുകാരനെ തീർപ്പെട്ടത്തി റസല്യൂഷൻ സഹിതം എഴുതി അയപ്പാൻ മറുപടി അയച്ചു.

(b) ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ രൂപ എത്രനാഴിക വഴിമെയിൻറനൻസു ചെയ്യാനാണെന്നു അറിയാമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ—ഏകദേശം രൂ നാഴികവരും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—സാധാരണ ഈവകപണി ഡിപ്പാർട്ടുമെണ്ടു മുഖേനയും നടത്താറുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ഇപ്പോൾ ഡിപ്പാർട്ടുമെണ്ടുവകയായി ഒന്നും നടത്താറില്ല. മുമ്പു നടത്തിയിരുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അങ്ങിനെ നടത്താതായിട്ടു എത്രകൊല്ലമായി. അങ്ങിനെ നടത്താൻ വല്ല വിരോധവും ഉണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—നടത്തിയിട്ടു ശരിയായി കണ്ടില്ല. അതുകൊണ്ടു ടെൻറർ കൊടുക്കാൻ തീർച്ചയാക്കിയതാണു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇക്കൊല്ലം ചേരാനെല്ലൂർ പഞ്ചായത്തിൽപെട്ട റോഡുകളൊന്നും മെയിൻറനൻസു ചെയ്തില്ലെ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പഞ്ചായത്തിൽനിന്നും ഒരു മറുപടിയും അയക്കുക ഉണ്ടായില്ലെ?

Mr. I. Raman Menon.—I want notice.

Utilisation of the funds allotted for the Foot-bridge on accretion lands in the Narakkal Panchayat.

351. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെപറയുന്ന ചോദ്യത്തിനു ഗവമ്മെണ്ടു മയവായി മറുപടി പറയാമൊ.— ഞാറക്കൽ പഞ്ചായത്തിൽ പെട്ട 'Foot-bridge in Accretion lands' എന്ന എനത്തിനു ഫണ്ടിൽ രൂപ അനുവദിച്ചതു് ഏതെല്ലാം പണികൾക്കാണു് ഉപയോഗിച്ചതു് എന്നു വ്യക്തമായി പറയാമൊ: മൻകൊല്ലത്തെ പണിവകക്കു വല്ലതും കൊടുക്കണമെങ്കിൽ അതു ബഡ്ജറിൽ അങ്ങിനെ കാണിക്കാതിരിപ്പാൻ കാരണമെന്തു?

മിസ്റ്റർ ഐ. രാമൻമേനോൻ.—ക. നമ്പർ-ൻ-ാ താഴെ പറയുന്ന പണികൾക്കു ഉപയോഗിച്ചു.

ക. ർൻ-ൻ-ാ പഞ്ചയിൽ തോട്ടപാലം പണിവകയിൽ.

ക. ഫസ്റ്റ്-ാ-ാ ഞാറക്കൽ—നായരമ്പലം വില്ലേജുകളിലെ അതുത്തി തോട്ടിലെ പാലം പണിക്കു.

ക. ഫഡ്യ-ാ-ാ ഞാറക്കൽ ബന്തർ തോട്ടിലെ പാലങ്ങൾ റിപ്പെയറിനു.

LIBRARY ARCHIVES Kerala Legislative Assembly